# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോരുവഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം/പി -10/1239/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 11/07/2025
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരുവഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എൽ എം/പി -10/1239/2025 തീയ്യതി: 11/07/2025

# കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജി.സജികുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 26-05-2025 | 04-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-05-2025 | 04-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ. എ.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിവ്യ. ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽകുമാർ. യു.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അഖിൽ. ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനുമംഗലത്ത് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.റെജിമോൻ എം. | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീമതി .ബിന്ദു ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 22-09-2024 |
| ശ്രീ.സി.കെ അജയകുമാർ | സെക്രട്ടറി | 23-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി .ദിവ്യ റെക്സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 16-11-2024 |
| ശ്രീ.ജോൺസൺ ഫിലിപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി .ഷീബ വൈ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി .പദ്മജദേവി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 27-02-2025 |
| ശ്രീ.മനേഷ്.എം.എ സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-02-2025 | 31-03-2025 |
| ശ്രീ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ശ്രീമതി .സജീന.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 16-08-2024 |
| ശ്രീമതി .നിത്യ.സി.നാഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-08-2024 | 31-03-2025 |
| ശ്രീ.ജയകുമാർ. കെ | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി മോളൂ റ്റി.ലാൽസൺ | കൃഷിഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ലക്ഷ്മി ദിലീപ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | 01-04-2024 | 31-03-2025 |
| ശ്രീമതി .ബിന്ദു ആർ | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ.അഖിൽ.എസ് | അക്രഡിറ്റഡ് എഞ്ചിനീയർ,MGNREGS | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത-രേഖകൾ ലഭ്യമാക്കിയില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | യു.ഐ.ടി.യുടെ വാടക ഇനത്തിൽ 12,03,900/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 16 | യുപിഐ ബാങ്ക് പെയ്മെന്റ് മുഖേന ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. | 1-12 |
| 17 | പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-13 |
| 18 | അങ്കണവാടികളിലേക്ക് മിക്സി വാങ്ങൽ- നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-14 |
| 19 | കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന വാഹന ഇൻഷുൻസ് പോളിസി എടുത്തില്ല | 1-15 |
| 20 | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-16 |
| 21 | ജനറേറ്റർ  വാങ്ങുന്നതിനായി തുക അധികം ചെലവഴിച്ചു | 1-17 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി റോഡ് നിർമ്മാണം സമയബന്ധിതമായി നടപ്പാക്കുന്നില്ല | 1-18 |
| 23 | പഠനമുറി നിർമ്മാണം | 1-19 |
| 24 | കയറ്റിറക്ക് കൂലി അധികം അനുവദിച്ചു | 1-20 |
| 25 | ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനം മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കുന്നില്ല. | 1-21 |
| 26 | പഞ്ചകർമ്മ ചികിൽസാ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി ടെണ്ടർ വിവരങ്ങൾ ലഭ്യമല്ല | 1-22 |
| 27 | ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-23 |
| 28 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-24 |
| 29 | ടെണ്ടർ നടപടി ക്രമത്തിലെ അപാകതകൾ | 1-25 |
| 30 | ടിഡിഎസ് തുക കിഴിവ് വരുത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി | 1-26 |
| 31 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-27 |
| 32 | ജൽ ജീവൻ മിഷൻ അവലോകനം | 1-28 |
| 33 | ഹെൽത്ത്ഗ്രാന്റ് -അവലോകനം | 1-29 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കയറ്റിറക്ക് കൂലി അധികം അനുവദിച്ചു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 09.05.2025 തീയതിയിലെ നം 1(1) തീരുമാന പ്രകാരം അംഗീകരിച്ച് 15.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**സ്ഥലം:കൊല്ലം**
**തീയതി: 11-07-2025**

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

26/07/2011-ലെ ജി.ഒ. (എം.എസ്.)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതും 2024-25 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ ഇപ്രകാരം രേഖപ്പെടുത്തൽ നടത്തുന്നില്ല.

## 1-1-4 ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത-രേഖകൾ ലഭ്യമാക്കിയില്ല

വസ്തുനികുതി-വരവ്, കുടിശ്ശിക വിവരങ്ങൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

2024-2025 സാമ്പത്തിക വർഷത്തെ ബജറ്റ് 15.02.2024-ലെ 1(1) തീരുമാനപ്രകാരവും, പരിഷ്കരിച്ച ബജറ്റ് 22.02.2025 ലെ 2(1) തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,55,60,480/-രൂപ |
| വരവ് | 6,15,18,688/-രൂപ |
| ആകെ | 11,70,79,168/-രൂപ |
| ചെലവ് | 6,73,02,930/-രൂപ |
| നീക്കിയിരിപ്പ് | 4,97,76,238/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5,677/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46,31,272/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്- പൊതു. | 0 | 1,68,86,000/- | 1,68,86,000/- | 1,68,72,210/- | 13,790/- |
| വികസന ഫണ്ട്- എസ് സി പി | 0 | 1,58,67,000/- | 1,58,67,000/- | 1,58,67,000/- | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 1,59,35,000/- | 1,59,35,000/- | 1,41,70,857/- | 17,64,143/- |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 64,95,000/- | 64,95,000/- | 54,25,051/- | 10,69,949/- |

| | | | | | |
|---|---|---|---|---|---|
| സിഎഫ് സി-ടൈഡ് ബാങ്ക് | 28,49,629/- | 63,98,500/- | 92,48,129/- | 39,38,769/- | 53,09,360/- |
| സിഎഫ് സി- അൺടൈഡ്- ബാങ്ക് | 32,65,410/- | 30,64,756/- | 63,30,166/- | 42,04,686/- | 21,25,480/- |

**മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ**

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ഐസിഡിഎസ് | 32,05,513/- | 36,67,137/- | 68,72,650/- | 24,81,786/- | 43,90,864/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 6,71,340/- | 6,71,340/- | 6,71,340/-/- | 0 |
| ഹെൽത്ത് ഗ്രാന്റ് -ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 9,66,631/- | 4,33,928/- | 14,00,559/- | 9,46,465/- | 4,54,094/- |
| ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ് | 84,14,861/- | 2,35,991/- | 86,50,852/- | 85,20,371/- | 1,30,481/- |
| ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ | 4,13,180/- | 6,55,681/- | 10,68,861/- | 4,05,000/- | 6,63,861/- |
| സമ്പൂർണ്ണ ശുചിത്വം | 24,87,416/- | 67,699/- | 25,55,115/- | 0/- | 25,55,115/- |
| അങ്കണവാടി ബേബി ഫ്രണ്ട് ലി ടോയിലറ്റ് | 12,323/- | 0 | 12,323/- | 12,323/- | 0 |

**മറ്റ് അക്കൗണ്ടുകൾ- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ**

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| വിമുക്തി | 3,500/- | 0 | 3,500/- | 0 | 3,500/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 27,02,000/- | 66,00,000/- | 93,02,000/- | 57,10,000/- | 35,92,000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 24,74,13,792/- | 218 | 9,81,71,020/- | - | 32 | 87.2 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 22,17,636/- | 22,17,636/- | 22,17,636/- | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8,17,69,310/- | 8,17,69,310/- | 8,17,69,310/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) |
|---|---|
| തൊഴിൽരഹിത വേതനം | 1,440/- |
| കർഷക തൊഴിലാളി പെൻഷൻ | 10,68,800/- |
| വിധവാ പെൻഷൻ | 1,89,24,400/- |
| വാർദ്ധ്യകാല പെൻഷൻ | 3,69,59,800/- |
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കുള്ള പെൻഷൻ | 69,09,000/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,83,000/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2,10,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.06.2025 12.15 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 570/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ് രസീത് നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. കൈകൊണ്ടെഴുതിയ രസീതുകൾ മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ പര്യാപ്തമായ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്ഥിരം സമിതി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി, ഏറ്റെടുക്കുന്ന പദ്ധതികൾ പഞ്ചായത്തും, കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളും മുഖേനയാണ് നടപ്പാക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി അംഗീകാരം ലഭിച്ചതിനു ശേഷം മോണിറ്ററിംഗ് സംവിധാനമായി മാറേണ്ടതും, പദ്ധതി നിർവ്വഹണം യഥാസമയം നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും, വിവിധ പദ്ധതികളുടെ ഫലപ്രാപ്തി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതുമാണ്. നിക്ഷേപ പ്രവർത്തികൾക്കായി തുക മുൻകൂർ ഒടുക്കു വരുത്തുന്നുണ്ടെങ്കിലും ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോ എന്ന് മോണിട്ടറിംഗ് നടത്തേണ്ടതാണ്. തനത് വിഭവ സമാഹരണം വർദ്ധിപ്പിക്കുവാനും, ചെലവിനങ്ങൾ നിയമാനുസൃത ചട്ടക്കൂടുകൾക്കുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ഫലപ്രദമായ രീതിയിൽ ചെലവഴിക്കുവാനും ഗ്രാമപഞ്ചായത്ത് സമിതിയും ജീവനക്കാരുമടങ്ങുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2023 | 10/2022 - 12/2022 | 17.03.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.09.2016 - 14.10.2016 | 2011-12 - 2015-16 | 14.08.2017 |

## 1-11 യു.ഐ.ടി.യുടെ വാടക ഇനത്തിൽ 12,03,900/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള IX/93-ാം നമ്പർ സ്ത്രീശാക്തീകരണ കേന്ദ്രം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.ടി. എന്ന സ്ഥാപനം തൻവർഷവും വാടക ഒടുക്കിയില്ല. പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാടക മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 11,403/-രൂപ പ്രതിമാസ വാടക നിരക്കിൽ 09.02.2015 മുതൽ, സ്ഥാപനമേധാവിയുമായി ഏർപ്പെട്ട കരാർ പ്രകാരം കെട്ടിടം യു.ഐ.ടി. യ്ക്ക് വേണ്ടി വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. 08.02.2016-ൽ കരാർ കാലാവധി അവസാനിച്ചിരുന്നെങ്കിലും നാളിതുവരെയും പുതുക്കിയിട്ടില്ല. നിലവിലെ പ്രതിമാസ വാടക 17,960/- രൂപയാണ്. തൻവർഷത്തെ കുടിശ്ശിക 2,15,520/- രൂപയും, മുൻവർഷങ്ങളിലെ കുടിശ്ശിക 9,88,380/- രൂപയും ഉൾപ്പെടെ 12,03,900/- രൂപ ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നുണ്ടെന്ന് വാടക രജിസ്റ്റർ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി വാദിയായും, യു.ഐ.റ്റി. പ്രിൻസിപ്പൽ എതിർ കക്ഷിയായും ശാസ്താംകോട്ട മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ നിലനിന്ന കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സാധിച്ചെങ്കിലും വാടക കുടിശ്ശിക ഈടാക്കുന്നതിന് സാധിച്ചില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിന് കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പേരിൽ ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 യുപിഐ ബാങ്ക് പെയ്മെന്റ് മുഖേന ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

യു.പി.ഐ. ബാങ്ക് പെയ്മെന്റ് മുഖേന 13/3/2024-ൽ 12,007/-രൂപയും, 30/3/2024-ൽ 1,00,207/- രൂപയും ലഭിച്ചതായി ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 13/3/24 ൽ 9,017/- രൂപയും, 30/3/24 ൽ 48,261/- രൂപയും മാത്രമാണ് യു.പി.ഐ. അക്കൗണ്ടിൽ (Account No 42176490218

SBI, പോരുവഴി) ക്രെഡിറ്റ് വന്നിട്ടുള്ളത്. 13/3/24- ലെ ബാക്കി തുകയായ 2,990/- രൂപയും, 30/3/24 ലെ ബാക്കി തുകയായ 51,946/- രൂപയും ഉൾപ്പെടെ 54,936/- രൂപ പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട എൻകിപയറിയ്ക്ക് ബാങ്കിന്റെ സാങ്കേതിക തകരാർ മൂലം സംഭവിച്ചതാണെന്നും, ഇത് സംബന്ധിച്ച് ബാങ്കിംഗ് ഓംബുഡ്സ്മാനും, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അധികൃതർക്കും പരാതി നൽകിയിട്ടുണ്ടെന്നും, ടി വിഷയം ഇപ്പോൾ ബാങ്കിംഗ് ഓംബുഡ്സ്മാന്റെ പരിഗണനയിലാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>എൻക്വയറി നമ്പർ 2/28.5.25</u>**

## <u>1-13 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.</u>

2025 മെയ് 19-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 63,96,566/- രൂപ ഗ്രാമപ്പഞ്ചായത്തിന് ബാധ്യതയായി നിലനിൽക്കുന്നു. ഗ്രാമപ്പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ ലഭ്യമാക്കിയ മേഖലകളിലെ പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് 29.09.2022 തീയതിയിലെ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി (14/1 നമ്പർ തീരുമാനം) തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ **(S0207/24)** ഉൾപ്പെടുത്തി 5,41,330/-രൂപ 11.12.2023 തീയതിയിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ കൊല്ലത്തിന്റെ പേരിലുള്ള അക്കൌണ്ടിലേക്ക് ഒടുക്ക് വരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 2 പൊതുടാപ്പുകൾ ഒഴികെയുള്ള പൊതുടാപ്പുകൾ നിർത്തലാക്കുകയും ചെയ്തു. എന്നാൽ 19.05.2025-ലെ 96229-ാം നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 63,96,566/-രൂപ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.07.2024-തീയതിയിലെ 1794/E3/2024/PHD/KLM നമ്പർ കത്തിൽ, വാട്ടർചാർജ്ജും, കുടിശ്ശികയും ഒടുക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുമെന്നും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക ഒടുക്കുന്നതിന് താൽപര്യപ്പെടുന്ന പക്ഷം വാട്ടർ അതോറിറ്റി ഡയറക്ടർക്ക് രേഖാമൂലം അപേക്ഷ നൽകണമെന്നും ഗ്രാമപ്പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി- 01/27.05.2025**

## <u>1-14 അങ്കണവാടികളിലേക്ക് മിക്സി വാങ്ങൽ- നടപടി ക്രമങ്ങൾ പാലിച്ചില്ല</u>

ഗ്രാമപ്പഞ്ചായത്തിലെ 28 അങ്കണവാടികളിലേക്കും മിക്സി വാങ്ങി നൽകുന്നതിന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ശബരി ഗ്ലോബൽ ഷോപ്പി എന്ന സ്ഥാപനത്തിൽ നിന്നും Preethy Peppy Plus Model മിക്സി (750 Watts, 4 Jar, 5 Year Warranty) 4,697/- രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സമാന സ്പെസിഫിക്കേഷനിലുള്ള Butterfly Model മിക്സി (750 Watts, 4 Jar, 5 Year Warranty) 3,785/- രൂപയ്ക്ക് ശബരി ഗ്ലോബൽ ഷോപ്പി എന്ന സ്ഥാപനം തന്നെ ക്വോട്ട് ചെയ്തിട്ടുണ്ട്. ആയത് പരിഗണിക്കാതെ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത Preethy Peppy Plus Model മിക്സി വാങ്ങുന്നതിന് 31.12.2024-ലെ 6/1-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 3,785/- രൂപയുടെ മോഡൽ ഒഴിവാക്കി കൂടിയ നിരക്കിലുള്ള Preethy Peppy Plus Model മിക്സി വാങ്ങുന്നതിന് ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്പെടുത്തിട്ടുള്ളത് ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടിന്റെ അഭാവത്തിലാണ്. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി 05/28.05.2025**

## <u>1-15 കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന വാഹന ഇൻഷുൻസ് പോളിസി എടുത്തില്ല</u>

ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള KL 61D 3130 എന്ന വാഹനത്തിന്റെ 04.09.2024 മുതൽ 03.09.2025 വരെയുള്ള കാലയളവിലെ ഇൻഷുറൻസ് പുതുക്കുന്നതിനായി 21,585/-രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 143291/03.09.2024-ാം നമ്പർ ചെക്ക് പ്രകാരം The NewIndia Assurance Co.Ltd-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. പൊതുമേഖല സ്ഥാപനങ്ങൾ, ബോർഡ് കോർപ്പറേഷനുകൾ, ത.സ്വ.ഭ.സ്വ. ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള എല്ലാവിധ ഇൻഷുൻസ് പോളിസികളും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 10.01.2024-ലെ 02/2024 നമ്പർ സർക്കുലർ പ്രകാരം കർശന നിർദ്ദേശം

നൽകിയിരുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് തുക ചെലവഴിച്ചത്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി- 04/28.05.2025**

## 1-16 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി 510080/-രൂപ ഔഷധിക്ക് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നൽകിയ തുക(രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം തുക(രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം/ തുക(രൂപ) |
|---|---|---|---|---|
| 1 | 82/25-പാലിയേറ്റീവ് കെയർ രോഗികൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ, അടങ്കൽ തുക-300000 /-രൂപ (സംരക്ഷണ ഗ്രാന്റ്,റോഡിതരം) | 300000/- (ബിൽ നം.3/ 7-11.24) | ഇൻവോയ്സ് നമ്പർ/ തീയതി 90364025, 30.11.24-148236 90367440, 30.12.24-67432 90371747,30.1.25-21866 90375392, 25.2.25-43257 90379534, 26.3.25-8862 ആകെ- 2,89,653/- | 10,347/- |
| 2 | 280/25-നാരീസൗഖ്യം ആർത്തവ ഗർഭാശയ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിൽസാ പദ്ധതി അടങ്കൽ തുക-210080/-രൂപ (വികസന ഫണ്ട് ജനറൽ) | 210080/- (ബിൽ നം.7/ 13-3.25) | ഇൻവോയ്സ് നമ്പർ/ തീയതി 90380833, 29.3.25-51510 90383484, 31.3.25-2010 90382985, 31.3.25-154266 ആകെ-2,07,786/- | 2,294/ |
| | | | ആകെ | 12,641/- |

മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതു വരെ 12,641/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 17 /4.06.25**

**തടസ്സപ്പെടുത്തുന്ന തുക- 12,641/- രൂപ**

## 1-17 ജനറേറ്റർ വാങ്ങുന്നതിനായി തുക അധികം ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം 2023-24, 2024-25 എന്നീ വർഷങ്ങളിൽ നിർവ്വഹണം നടത്തിയ ജനറേറ്റർ വാങ്ങൽ പദ്ധതി പ്രകാരം ജനറേറ്റർ വാങ്ങുന്നതിനായി തുക അധികം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ഇൻവോയിസ് പ്രകാരമുള്ള തുക(രൂപ) | നൽകിയ തുക (രൂപ) | ബിൽ നമ്പർ, തീയതി | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|
| (2023-24) 197/24-ആയുർവ്വേദ ആശുപത്രിയ്ക്ക് ജനറേറ്റൽ വാങ്ങൽ അടങ്കൽ തുക-5,55,000 /- ചെലവ്-4,07,937/- 3,87,812/-(സംരക്ഷണ ഗ്രാന്റ്,റോഡിതരം) 20,125-(തനത് ഫണ്ട്) | 4,33,600/- (ഇൻവോയിസ് നമ്പർ 103/23-24, 4-1-24) | 3,87,812/- | 21-12-23 | 875/- |
| | 1,24,525/- (ഇൻവോയിസ് നമ്പർ 138/23-24, 21-3-24) | 20,125/- | 25-3-24 | |
| 213/25-ആയുർവ്വേദ ആശുപത്രിയ്ക്ക് ജനറേറ്റൽ വാങ്ങൽ(സ്പിൽ ഓവർ) അടങ്കൽ തുക-1,51,063 /- ചെലവ്-1,51,063/- | | 1,50,188 /- | ബിൽ നമ്പർ- 1/6-7-24 | |
| | | 875/- | ചെക്ക് നമ്പർ-143262/ | |

| | | | | |
|---|---|---|---|---|
| 1,50,188 /-(സംരക്ഷണ ഗ്രാന്റ്,റോഡിതരം) | | | 19-7-24 | |
| ആകെ 875/-(തനത് ഫണ്ട്) | 5,58,125/- | 5,59,000/- | | 875/- |

തുക അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 875/-രൂപ അധികം ചെലവഴിച്ചത് നിരാകരിക്കുന്നു.

**ഓഡിറ്റ് എൻക്വറി-18/04.06.25**
**നിരാകരിച്ച തുക-875/-രൂപ**

## 1-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി റോഡ് നിർമ്മാണം സമയബന്ധിതമായി നടപ്പാക്കുന്നില്ല

എം.ജി.എൻ.ആർ.ജി.എസ് പദ്ധതി പ്രകാരം റോഡ് നിർമ്മിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ | തുക(രൂപ) | കരാറിൽ ഏർപ്പെട്ടതിന്റെ വിവരം |
|---|---|---|---|---|
| 1 | കമ്പലടി എൽ.പി.എസ് മുതൽ പാണ്ടിക്കുളം വരെ റോഡ് കോൺക്രീറ്റിംഗ് വാർഡ്-11 | ശ്രീ. അൻസാരി, തുണ്ടിൽ തെക്കതിൽ, കമ്പലടി | 3,26,745/- | കരാർ 14/ എം.ജി.എൻ.ആർ.ജി.എ/15-3-24 |
| 2 | വള്ളിപ്പറമ്പ് ചോലപ്പറമ്പ് മുതൽ പള്ളിക്കൽ ആറ് വരെ റോഡ് കോൺക്രീറ്റിംഗ് വാർഡ്-3 | ശ്രീ. രാധാകൃഷ്ണപിള്ള പള്ളിയാടിയിൽ, മുതുപിലാക്കാട് | 4,03,842/- | കരാർ 2/ എം.ജി.എൻ.ആർ.ജി.എ/11-11-24 |

റോഡ് നിർമ്മാണം ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രാദേശികമായി ഉണ്ടായ തർക്കങ്ങളും പൈപ്പ് ലൈൻ സ്ഥാപിക്കലും മൂലമാണ് പ്രവൃത്തി ആരംഭിക്കാൻ വൈകിയതെന്നും, നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് എന്നും മറുപടി നൽകി. റോഡ് നിർമ്മിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടാൽ പ്രവൃത്തി യഥാസമയം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി -20/04-06-25**

## 1-19 പഠനമുറി നിർമ്മാണം

പ്രോജക്റ്റ്-149/25, പഠനമുറി

അടങ്കൽ-28,95,000/-രൂപ (വികസന ഫണ്ട് എസ്.സി.പി)

ചെലവ്-16,47,910/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി
A) പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടില്ല

പ്രോജക്റ്റ് പ്രകാരം പഠനമുറി നിർമ്മാണത്തിന് മുൻകൂർ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | കൈപ്പറ്റിയ തുക(രൂപ) | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | ശ്രീ. സുരേഷ്, യദു ഭവനം | 30,000/- | 8/19-7-24 |
| 2 | ശ്രീ. കൃഷ്ണൻകുട്ടി, പള്ളിയിൽ വീട് | 30,000/- | 11/11-10-24 |

മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ (1) പ്രകാരമുള്ള ഗുണഭോക്താവ് നാളിതുവരെ പഠനമുറി നിർമ്മാണം ആരംഭിക്കാത്തതിതിനാൽ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, ക്രമ നമ്പർ (2) പ്രകാരമുള്ള ഗുണഭോക്താവ് പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടുള്ളതിനാൽ നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പഠനമുറി നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതും, പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടുള്ള ഗുണഭോക്താവിന്റെ നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

B) പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

മേൽ പ്രോജക്ട് പ്രകാരം പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | കൈപ്പറ്റിയ തുക(രൂപ) | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | ശ്രീമതി രാജി,<br>ചിറയുടെ തെക്കതിൽ | 30,000/- | (2023-24) |
| | | 29,000/- | ബിൽ നമ്പർ 3/17-5-24 |
| 2 | ശ്രീമതി സുജാത,<br>കാക്കാന്റയ്യത്ത് | 30,000/- | (2023-24) |
| | | 80,000/-<br>50,000/- | ബിൽ നമ്പർ 7/4-7-24<br>ബിൽ നമ്പർ 21/16-12-24 |
| 3 | ശ്രീമതി സുലേഖ,<br>മറവന്റെവിള വടക്കതിൽ | 30,000/-<br>70,000/- | (2023-24) |
| | | 50,000/- | ബിൽ നമ്പർ 10/24-8-24 |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ വിവരങ്ങൾ അറിയുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പഠനമുറി നിർമ്മാണം പൂർത്തിയാക്കുവാനുള്ള ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിപ്പിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി-8/29-5-25**

**ഓഡിറ്റ് എൻക്വയറി നമ്പർ-7/29-5-25**

## 1-20 കയറ്റിറക്ക് കൂലി അധികം അനുവദിച്ചു

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ അനുപൂരക പോഷകാഹാര വിതരണം പദ്ധതിയിൽ (പ്രോജ.നം 69/25) ഭക്ഷ്യധാന്യങ്ങളുടെ കയറ്റ് ഇറക്ക് കൂലി ഇനത്തിൽ അധികം തുക ചെലവഴിച്ചു. വികസനഫണ്ടിൽ നിന്ന് 2,22,349/-രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ 24,81,786/-രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1,00,000/-രൂപയും ഉൾപ്പെടെ ആകെ 28,04,135/-രൂപ ചെലവഴിച്ച പദ്ധതിയിലാണ് കയറ്റിറക്ക് കൂലി ഇനത്തിൽ 5,677/-രൂപ അധികം ചെലവഴിച്ചത്. 2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഇടയ്ക്കാട് സപ്ലൈകോ സൂപ്പർമാർക്കറ്റ്, തഴവ മണപ്പള്ളിയിൽ പ്രവർത്തിക്കുന്ന ബയോവിറ്റ ന്യൂട്രിമിക്സ് എന്നിവിടങ്ങളിൽ നിന്നും ഏറ്റെടുത്ത് അങ്കണവാടികളിൽ എത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (2.20-രൂപ/ കി.ഗ്രാം) ശ്രീ.സുനിൽ.ജി. എന്ന വ്യക്തിയുടെ ക്വട്ടേഷൻ 08.07.2024-ലെ 19(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം കരാറുകാരന് കയറ്റിറക്ക് കൂലിയിനത്തിൽ നൽകിയിട്ടുള്ള തുകകളിൽ 28385 കി.ഗ്രാമിന് 2.4/-രൂപ/കി.ഗ്രാമിന് അനുവദിച്ചതുമൂലം 5677/-രൂപ അധികം നൽകി. വിശദവിവരം താഴെ ചേർക്കുന്നു.

| അളവ് | അനുവദനീയ നിരക്ക് | അനുവദനീയമായ തുക(രൂപ) | നൽകിയ നിരക്ക് | നൽകിയ തുക (രൂപ) | അധികം നൽകിയ തുക (രൂപ) | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 28,385 കി.ഗ്രാം. | 2.2/കി.ഗ്രാം | 62,447/- | 2.4/കി.ഗ്രാം | 68124/- | 5677/- | 04/07.10.2024<br>18/16.12.2024<br>33/13.02.2025<br>42/13.03.2025 |

കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച നിരക്കിൽ നിന്നും ഉയർന്ന നിരക്കിൽ കയറ്റിറക്ക് കൂലി നൽകിയതുമൂലം അധികം ചെലവഴിച്ചിട്ടുള്ള 5677/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

**നിരാകരിച്ച തുക-5677/-രൂപ**

**ഓഡിറ്റ് എൻക്വയറി 14-03.06.2025**

## 1-21 ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനം മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കുന്നില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2024-25 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ വിവിധ മരുന്നു വാങ്ങൽ പ്രോജക്റ്റുകൾക്ക് ഇൻഹൗസ് ഡ്രഗ് ബാങ്കിന് മുൻകൂർ തുക 16,74,862/-രൂപ നൽകിയെങ്കിലും 9,69,046/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.
വിശദവിവരം ചുവടെ ചേർക്കുന്നു.

| **പ്രോജക്ട് നം./പേര്** | **പിൻവലിച്ച തുക/ മുൻകൂർ നൽകിയ തുക ബിൽ നം./തീയതി.** | **മരുന്നുകൾ ലഭിയ്ക്കുവാൻ ബാക്കിയുള്ളത്(രൂപ)** |
|---|---|---|
| 120/25. ക്യാൻസർ കിഡ്നി രോഗികൾക്ക് മരുന്നു വാങ്ങൽ MF(NR) | 7,29,068/-, ബിൽ നമ്പർ -19/28-1-25 22/22-2-25 | 6,20,387/- |
| PHC മരുന്ന് വാങ്ങൽ MF(NR) | 6,00,000/-, ബിൽ നമ്പർ -09/6-8-24 | 2,865/- |
| പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങൽ- GENERAL DEV FUND (ബ്ലോക്ക് ഷെയർ) | 2,00,000/-, ബിൽ നമ്പർ -31/25-3-25 | 2,00,000/- |
| പാലിയേറ്റീവ് രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങൽ(ഓക്സിജൻ കോൺസൻട്രേറ്റർ,ബെഡ്സ്)SCP DEV FUND | 1,45,794/-, ബിൽ നമ്പർ -25&26/11-3-25 | 1,45,794/- |
| | ആകെ | 9,69,046/- |

പി.എച്ച്.സി. പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്നുകളാണ് ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനം നാളിതു വരെ സപ്ലൈ ചെയ്യാത്തത്. ഗുരുതരമായ രോഗങ്ങൾ ബാധിച്ച പാലിയേറ്റീവ് രോഗികളും, പി.എച്ച്.സി.യിൽ വരുന്ന പാവപ്പെട്ട ജനങ്ങളും യഥാസമയം മരുന്നുകൾ ലഭിക്കാതെ ദുരിതം അനുഭവിക്കുന്ന സ്ഥിതി നിലനില്ക്കുന്നു. ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ ഇൻഹൗസ് ഡ്രഗ് ബാങ്ക് എന്ന സ്ഥാപനത്തെ ഒഴിവാക്കി കൃത്യമായി മരുന്നുകൾ സപ്ലൈ ചെയ്യുന്ന മറ്റു സ്ഥാപനങ്ങളെ ആശ്രയിക്കുന്നതിനുള്ള തീരുമാനം എടുക്കുന്നത് ഉചിതമായിരിക്കും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 9,69,046/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് അന്വേഷണം-13/02.06.25**
**തടസ്സപ്പെടുത്തുന്ന തുക-9,69,046/-രൂപ**

## 1-22 പഞ്ചകർമ്മ ചികിൽസാ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി ടെണ്ടർ വിവരങ്ങൾ ലഭ്യമല്ല

2024-25 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവ്വഹണം നടത്തിയ പഞ്ചകർമ്മ ചികിൽസാ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം ചികിൽസാ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്(ഇൻവോയിസ് നമ്പർ-97/28-2-25). എന്നാൽ ടെണ്ടർ നടപടി സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| **പദ്ധതി** | **നൽകിയ തുക(രൂപ)** | **ബിൽ നമ്പർ,തീയതി** | **സ്ഥാപനം** |
|---|---|---|---|
| 97/25-ആയുർവ്വേദ ആശുപത്രിയ്ക്ക് പഞ്ചകർമ്മ ചികിൽസാ ഉപകരണങ്ങൾ വാങ്ങൽ അടങ്കൽ തുക-200000/- (സംരക്ഷണ ഗ്രാന്റ്,റോഡിതരം) | 176294 /- | ബിൽ നമ്പർ 6/10-3-25 | സാന്ദ്രാ വുഡ് &ഫൈബർ വർക്ക്സ് |

ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടി സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 1,76,294/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ടെണ്ടർ നടപടി സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി -19/4-6-25**
**തടസ്സപ്പെടുത്തുന്ന തുക-1,76,294/-രൂപ**

## 1-23 ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

**1) ലൈഫ് ഭവനപദ്ധതി (Scp) (Project No. 56/25)**

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് സബ്സിഡി തുകയുടെ ആദ്യ ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ:

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക(രൂപ) | ബിൽ നം/തീയതി |
|---|---|---|
| 1.ശ്രീ. ജിഷ്ണു, വിഷ്ണു ഭവനം | 40,000/- | 23/24.10.24 |
| 2.ശ്രീമതി. ഷിജ എസ്, അനിതാലയം | 40,000/- | 34/17.01.25 |
| 3.ശ്രീമതി മഞ്ജുഷ, കുറ്റിവിള | 40,000/- | 34/17.01.25 |
| 4.ശ്രീമതി സരസ്വതി, രാജി ഭവനം | 40,000/- | 34/17.01.25 |
| 5.ശ്രീമതി ഷീന, ഷീജ ഭവനം | 40,000/- | 24045352016301263789/1.02.25 |
| 6.ശ്രീമതി രാജി ബിനീഷ് കുമാർ, കിടങ്ങല്ലൂർ വീട് | 40,000/- | 24045352016301263789/1.02.25 |
| 7.ശ്രീ.മഹേഷ് പള്ളി, പടിഞ്ഞാറ്റതിൽ വീട് | 40,000/- | 24045352016301263789/1.02.25 |
| 8.ശ്രീമതി സുശീല, സുഭാഷ് ഭവനം | 40,000/- | 24045352016301263789/1.02.25 |
| 9.ശ്രീമതി കാർത്തിക, സേതു ഭവനം | 40,000/- | 5031400901240136/ 25.3.25 |
| 10.ശ്രീമതി ശ്രീജ, ശ്രീനിലയം | 40,000/- | 5031400901240136/ 25.3.25 |

**2)ഭവനപുനരുദ്ധാരണം പദ്ധതി (Scp) (Project No. 29/25)**

ഭവനപുനരുദ്ധാരണം പദ്ധതി പ്രകാരം സബ്സിഡി തുകയുടെ ആദ്യ ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും നിർമ്മാണം ആരംഭിച്ചിട്ടില്ല.വിശദവിവരങ്ങൾ ചുവടെ:

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക(രൂപ) | ബിൽ നം/തീയതി |
|---|---|---|
| 1. ശ്രീ.രാജു, ലക്ഷ്മി ഭവനം | 50,000/- | 546/15.3.25 |
| 2. ശ്രീ.ഭാസ്കരൻ, കലതിവിള | 50,000/- | 57/15.3.25 |
| 3. ശ്രീമതി മംഗളാഭായി, പുത്തൻപുര വടക്ക് | 50,000/- | 57/15.3.25 |
| 4. ശ്രീ.രാജേന്ദ്രൻ, സ്നേഹാലയം | 50,000/- | 66/25.3.25 |

ആദ്യഗഡു കൈപ്പറ്റിയിട്ട് ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം ആരംഭിക്കാത്തതിന് വിശദീകരണവും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച തുടർ നടപടി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഏഴുപേർ ഭവനനിർമ്മാണം ആരംഭിക്കുന്നതിനായി സാധനങ്ങൾ സൈറ്റിൽ ഇറക്കിയിട്ടുണ്ടെന്നും, അവശേഷിക്കുന്നവർ ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം നാളിതു വരെയും ആരംഭിച്ചിട്ടില്ലെന്നും ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തികരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് ഇവർക്ക് നൽകിയിട്ടുള്ള തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി 22 /04.06.2025**

## 1-24 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

സെക്രട്ടറിയുടെ നിർവ്വഹണാധികാരത്തിൽ 2024-25 ൽ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം പണം മുൻകൂറായി നൽകിയിട്ടും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോമിയോപ്പതിക് ഫാർമസിയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | പിൻവലിച്ച തുക/ ബിൽ നം., തീയതി. | മുൻകൂറായി തുക അനുവദിക്കപ്പെട്ട സ്ഥാപനം | ലഭ്യമായ മരുന്നിന്റെ വിവരം (രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 9/25<br>അടങ്കൽ-3,00000/-രൂപ<br>സംരക്ഷണ<br>ഗ്രാന്റ്(റോഡിതരം)-<br>ചെലവ്-200000/-രൂപ | 2,00,000/-<br>6/13-8-24 | ഹോംകോ | ഇൻവോയ്സ് നമ്പർ<br>LF-16, 24.4.25<br>74,975/- | 1,25,025/- |

മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകുന്നതു വരെ 1,25,025/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക- 1,25,025/- രൂപ**
**ഓഡിറ്റ് എൻക്വയറി നം.-10/2-6-25**

## 1-25 ടെണ്ടർ നടപടി ക്രമത്തിലെ അപാകതകൾ

പ്രോജക്റ്റ്-200/25, വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം (സ്പിൽ ഓവർ)

അടങ്കൽ-2,00,000/-രൂപ(തനത് ഫണ്ട്)

ചെലവ്-20,100/-രൂപ

കുടിവെള്ളം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ജി.പി.എസ് ഘടിപ്പിച്ച 5000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് കിലോമീറ്റർ നിരക്കിൽ ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് പേർ പ്രസ്തുത ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ സമർപ്പിച്ചത് അംഗീകരിയ്ക്കാതെ 16000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള ടെണ്ടർ അംഗീകരിച്ചു(23-4-24 ലെ 2(1)നമ്പർ തീരുമാനം). ആയതിന്മേൽ സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിരുന്നു. 16000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 5000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ പ്ലാസ്റ്റിക് ടാങ്കും മൂടി കൊണ്ട് അടച്ചതിനാലും കയറ്റം കയറുമ്പോൾ വെള്ളം നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകാറുണ്ടെന്നും, വെള്ളം പെട്ടെന്ന് തീർന്ന് പോകുന്നതിനാൽ സംഘർഷാവസ്ഥ ഉണ്ടാകുന്നതിനാലും ആണ് മെറ്റൽ കണ്ടെയ്നർ ഘടിപ്പിച്ച 16000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് കമ്മിറ്റി തീരുമാനിച്ചത് എന്ന് മറുപടി നൽകി. ടെണ്ടർ ക്ഷണിക്കുന്നതിന് മുൻപാണ് ഇത്തരത്തിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്. ടെണ്ടർ ക്ഷണിച്ചതിന് ശേഷം ഇത്തരത്തിലുള്ള തീരുമാനങ്ങൾ സ്വീകരിക്കുന്നത് ഉചിതമല്ല. ആയത് ടെണ്ടർ നടപടി ക്രമത്തിലെ വീഴ്ചയാണ്. തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ- 9/2-6-25**

## 1-26 ടിഡിഎസ് തുക കിഴിവ് വരുത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളിൽ ടി.ഡി.എസ് തുക കിഴിവ് വരുത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **പ്രോജക്റ്റ്** | **സ്ഥാപനം** | **നൽകിയ തുക(രൂപ)** |
|---|---|---|
| 214/25MCFലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ | സൺബീം | 549878/-<br>(499879.01/-ഇൻവോയിസ് നമ്പർ-SUN01151/2024-25, തീയതി-24-1-25,<br>49999.92/--ഇൻവോയിസ് നമ്പർ-SUN01172/2024-25,തീയതി-28-1-25) |
| 215/25,MCFലേക്ക് കൺവെയർ ബെൽറ്റ് വാങ്ങൽ | പിക്കർ ബേഡ് | 490000/-(ഇൻവോയിസ് നമ്പർ-2425827,തീയതി-27-2-25) |

2017-ലെ ചരക്ക് സേവന നികുതി നിയമത്തിലെ സെക്ഷൻ 51 പ്രകാരം 2,50,000/-രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് നികുതി ഒഴിച്ചുള്ള തുകയുടെ 2% തുകയ്ക്ക് തുല്യമായ തുക സ്രോതസ്സിൽ നിന്നും നികുതിയായി കുറവ് ചെയ്തതിന് ശേഷം അവശേഷിക്കുന്ന തുക സ്ഥാപനത്തിന് അനുവദിക്കേണ്ടതിന് പകരം മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി. മേൽ

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി സ്ഥാപനങ്ങൾ ജി.എസ്.ടി ഫയൽ ചെയ്തതിന്റെ രേഖകൾ ഹാജരാക്കി. തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ജി.എസ്.ടി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി-16/3-6-25**

## 1-27 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2024-25 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ.നം. | പ്രോജക്ട് നം. പേര് | തുക കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക (രൂപ) | ബിൽ നം./ചെക്ക് നം, തീയതി |
|---|---|---|---|---|
| 1 | 11/25, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ അടങ്കൽ-3,70,000/-രൂപ (ധനകാര്യകമ്മിഷൻ ഗ്രാന്റ്) | കെ.എസ്.ഇ.ബി ശൂരനാട് | 129995/-<br>7192/- | XVFC/2024-25/P/42,24-3-25,XVFC/2024-25/P/75,24-3-25, |
| | | കെ.എസ്.ഇ.ബി കടമ്പനാട് | 8649/-<br>32312/- | XVFC/2024-25/P/87,27-3-25,XVFC/2024-25/P/54,22-2-25, |
| 2 | 205/25, സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ അടങ്കൽ-22,63,600/-രൂപ (ധനകാര്യകമ്മിഷൻ ഗ്രാന്റ്) | കെ.എസ്.ഇ.ബി കടമ്പനാട് | 1687279/-<br>242712 | XVFC/2024-25/P/19,15-10-24,XVFC/2024-25/P/55,22-2-25, |
| | | കെ.എസ്.ഇ.ബി പള്ളിക്കൽ, തെങ്ങമം | 290127 | XVFC/2024-25/P/35,17-12-24 |
| 3 | 203/25 -(സ്പിൽ ഓവർ) കിഴക്കേ പള്ളിമുക്ക്-വള്ളിതുണ്ട് തൈക്കാവ് റോഡ് മെയിന്റനൻസ് അടങ്കൽ (മെയിന്റനൻസ് ഗ്രാന്റ് റോഡ്)-659668/-രൂപ | കെ.ഐ.പി,കൊല്ലം | 6,00,000/- | ബിൽ നം 25/20.3.25 |
| 4 | 202/25,(സ്പിൽ ഓവർ) മൂലശ്ശേരി കോളനിയിൽ കുഴൽകിണർ നിർമ്മാണം അടങ്കൽ(ധനകാര്യകമ്മിഷൻ ഗ്രാന്റ്)-2,50,000/- | ഭൂജല വകുപ്പ് | 2,50,000/- | XVFC/2024-25/P/65,17-3-25 |
| 5 | 295/25,കുര്യോട്ടുമല ഫാമിൽ ABC സെന്റർ-ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ അടങ്കൽ (തനത് ഫണ്ട്)-1,00,000/-രൂപ | ജില്ലാ പഞ്ചായത്ത് | 1,00,000/- | ചെക്ക് നമ്പർ-07954234,11-2-25 |
| | | ആകെ | 33,48,266/- | |

മേൽ പദ്ധതികളുടെ പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 33,48,266/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം.- 15/3.06.25**

**തടസ്സപ്പെടുത്തുന്ന തുക- 33,48,266/- രൂപ**

## 1-28 ജൽ ജീവൻ മിഷൻ അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് വിനിയോഗിച്ച് കേരളാ വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിൽ വിഹിതമായി 15% ഉം, ഗുണഭോക്തൃ വിഹിതമായ 10% ഉം വാട്ടർ അതോറിറ്റിക്ക് 2021–22 വർഷം മുതൽ 2024–2025 വരെ കൈമാറിയതിന്റെ വിശദാംശങ്ങൾ, തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതിയും ഫലപ്രാപ്തിയും, തുക വകയിരുത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം, തുക വകയിരുത്തിയിട്ടും ആയത് കൈമാറിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്നിവയുടെ റിപ്പോർട്ട് നൽകുവാൻ എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയ്ക്കായി തൻ വർഷം തുക ചെലവഴിച്ചിട്ടില്ല. തദ്ദേശ സ്ഥാപന വിഹിതമായി 15% ഉം,

ഗുണഭോക്തൃ വിഹിതമായ 10% ഉം വാട്ടർ അതോറിറ്റിക്ക് 2021–22 വർഷം മുതൽ 2024–25 വരെ കൈമാറിയതിന്റെ വിശദാംശങ്ങൾ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ – 6/28.05.2025**

## 1-29 ഹെൽത്ത്ഗ്രാന്റ് -അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഹെൽത്ത്-ഗ്രാന്റ് അനുവദിച്ചിരുന്നു. 2021-2026 കാലയളവിലാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ.

| ക്രമ. നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-2023 | 2023-2024 | 2024-25 | ആകെ | 2022-2023 | 2023-2024 | 2024-2025 | ആകെ | |
| 1 | Support For Diagnostic Infrastructure | 2,68,265/- | 12,50,641/- | 14,00,559/- | 29,19,465/- | 8,217/- | 2,84,010/- | 9,46,465/- | 12,38,692/- | 16,80,773/- |
| 2 | Grant For Rural Health & Wellness Centres | 1,36,893/- | 4,98,365/- | 10,68,861/- | 17,04,119/- | 49,815/- | 85,185/- | 4,05,000/- | 5,40,000/- | 11,64,119/- |
| 3 | Construction Of Building To Health Sub Centres | | 84,14,861 | 86,50,852 | 1,70,65,713/- | 0 | 0 | 29,70,371<br>തിരിച്ചടച്ച തുക-55,50,000/- | 85,20,371/- | 85,45,342/- |
| | ആകെ | 4,05,158/- | 1,01,63,867/- | 1,11,20,272/- | 2,16,89,297/- | 58,032/- | 3,69,195/- | 43,21,836/- (തിരിച്ചടച്ച തുക-55,50,000/- ഒഴികെ) | 1,02,99,063/- | 1,13,90,234/- |

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഹെൽത്ത് ഗ്രാന്റിന്റെ വരവു ചെലവുകണക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-2026 കാലയളവിലേക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ്സെന്ററിന് സ്വന്തമായ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ലാബ് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി ഉപയോഗിക്കേണ്ടതുമാണ്. മൂന്നു വർഷങ്ങളിലായി ലഭിച്ച ആകെ തുകയുടെ 21.89% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ 55,50,000/-രൂപ വിനിയോഗിക്കാതെ തിരിച്ചടവ് വരുത്തിയിട്ടുമുണ്ട്. 15-ാം ധനകാര്യകമ്മിഷൻ ഹെൽത്ത് ഗ്രാന്റ് NHM അക്കൌണ്ട്സ് -110047344710, IFSC: CNRB0014005, (ചെക്ക് നം. 026952/28.03.25 Of Kerala Gramin Bank, Bharanikkavu Branch) A/C No. 40639101104923 Of Secretary Poruvazhy Grama Panchayath) UTR No. 25092462835/02.04.25. ആരോഗ്യ കേന്ദ്രത്തിലും, ഉപകേന്ദ്രങ്ങളിലും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ലാബ് റീ-ഏജന്റുകൾ, കാർഡ് ടെസ്റ്റുകൾക്കുള്ള കാർഡ് ഡിവൈസുകൾ, PAP Smear ടെസ്റ്റ് എക്യുപ്മെന്റ്സ്, സർജിക്കൽസ് തുടങ്ങിയവ വാങ്ങി ഉപയോഗപ്രദമാക്കുന്നതിനും പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ, മറ്റ് ബോധൽകരണ പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കൊതുകു നിവാരണത്തിന് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഫോഗിംഗ് മെഷീൻ വാങ്ങുന്നതിന് ഫണ്ട് ഉപയോഗിച്ചിട്ടില്ല. ലാബിലേക്ക് ഹോർമോൺ അനലൈസർ ആവശ്യമുള്ള ഉപകരണമാണെങ്കിലും വാങ്ങുന്നതിന് നടപടിയെടുത്തിട്ടില്ല. 55,50,000/- രൂപ തിരിച്ചടവ് വരുത്തിയ സാഹചര്യത്തിൽ സബ്സെന്ററിന്റെ കെട്ടിടം നിർമ്മാണം അനിശ്ചിതത്വത്തിലാണ്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്ന പ്രവർത്തനങ്ങൾ തൃപ്തികരമായി നടപ്പാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കയറ്റിറക്ക് കൂലി അധികം അനുവദിച്ചു

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ അനുപൂരക പോഷകാഹാര വിതരണം പദ്ധതിയിൽ (പ്രോജ.നം 69/25) ഭക്ഷ്യധാന്യങ്ങളുടെ കയറ്റിറക്ക് കൂലി ഇനത്തിൽ അധികം തുക ചെലവഴിച്ചു. വികസനഫണ്ടിൽ നിന്ന് 2,22,349/-രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ 24,81,786/-രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1,00,000/-രൂപയും ഉൾപ്പെടെ ആകെ 28,04,135/-രൂപ ചെലവഴിച്ച പദ്ധതിയിലാണ് കയറ്റിറക്ക് കൂലി ഇനത്തിൽ 5,677/-രൂപ അധികം ചെലവഴിച്ചത്. 2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഇടയ്ക്കാട് സപ്ലൈകോ സൂപ്പർമാർക്കറ്റ്, തഴവ മണപ്പള്ളിയിൽ പ്രവർത്തിക്കുന്ന ബയോവിറ്റ ന്യൂട്രീമിക്സ് എന്നിവിടങ്ങളിൽ നിന്നും ഏറ്റെടുത്ത് അങ്കണവാടികളിൽ എത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (2.20-രൂപ/കി.ഗ്രാം) ശ്രീ.സുനിൽ.ജി. എന്ന വ്യക്തിയുടെ ക്വട്ടേഷൻ 08.07.2024-ലെ 19(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം കരാറുകാരന് കയറ്റിറക്ക് കൂലിയിനത്തിൽ നൽകിയിട്ടുള്ള തുകകളിൽ 28385 കി.ഗ്രാമിന് 2.4/-രൂപ/കി.ഗ്രാമിന് അനുവദിച്ചതുമൂലം 5,677/-രൂപ അധികം നൽകി. വിശദവിവരം താഴെ ചേർക്കുന്നു.

| അളവ് | അനുവദനീയ നിരക്ക് | അനുവദനീയമായ തുക(രൂപ) | നൽകിയ നിരക്ക് | നൽകിയ തുക (രൂപ) | അധികം നൽകിയ തുക (രൂപ) | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 28,385 കി.ഗ്രാം. | 2.2/കി.ഗ്രാം | 62,447/- | 2.4/കി.ഗ്രാം | 68124/- | 5677/- | 04/07.10.2024<br>18/16.12.2024<br>33/13.02.2025<br>42/13.03.2025 |

കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച നിരക്കിൽ നിന്നും ഉയർന്ന നിരക്കിൽ കയറ്റിറക്ക് കൂലി നൽകിയതുമൂലം അധികം ചെലവഴിച്ചിട്ടുള്ള 5677/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

**നിരാകരിച്ച തുക-5,677/-രൂപ**
**ഓഡിറ്റ് എൻക്വയറി 14-03.06.2025**

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 17 | 99,500/- ** | 99,500/- | 0/- | |

(1-4-24 മുതൽ 31-3-25-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

** 2024-25 സാമ്പത്തിക വർഷം 5 മാസം 17 ജീവനക്കാരും, 7 മാസം 16 ജീവനക്കാരുമാണ് ജോലിചെയ്തിട്ടുള്ളത്. 11/24, 12/24 മാസങ്ങളിൽ ഒരു ജീവനക്കാരന്റെ മെഡിസെപ്പ് പ്രീമിയം ഇനത്തിൽ 500/-രൂപ വീതം ആകെ 1000/-രൂപ അധികമായി ഒടുക്കിയിട്ടുണ്ട്.

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24 മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22മുതൽ അല്ലെങ്കിൽ 7/23 തലുള്ളകുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| ബാധകമല്ല | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(1/8/24 മുതൽ 31/3/25-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ചമാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 30.05.2025 | കെ.എസ്.എ.കെ.എൽ.എം.പി 10/1239/2025 തീയതി-11-07.2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 3,00,000/- | ഭിന്നശേഷി സ്കോളർഷിപ്പ് (71/25) | 3,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 12,20,000/- | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (56/25) | 12,20,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,00,000/- | പാലിയേറ്റീവ് കെയർ (62/25) | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 249054/- | പാലിന് സബ്സിഡി (34/25) | 2,49,054/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2,60,000/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി, ജനറൽ(55/25) | 2,60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 18636/- | പാലിന് സബ്സിഡി (158/25) | 18,636/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,25,000/- | ഭിന്നശേഷി സ്കോളർഷിപ്പ് (71/25) | 1,25,000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 27,20,000/- | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (56/25) | 27,20,000/- | |
| ജില്ലാ പഞ്ചായത്ത് | | 4,80,000/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി, ജനറൽ(55/25) | 4,80,000/- | 0 |
| ജില്ലാ പഞ്ചായത്ത് | | 2,16,000/- | നെൽകൃഷി വികസനം(51/25) | 2,16,000/- | |
| ജില്ലാ പഞ്ചായത്ത് | | 2,48,655/- | പാലിന് സബ്സിഡി (34/25) | 2,48,655/- | |
| ജില്ലാ പഞ്ചായത്ത് | | 1,00,000/- | പാലിന് സബ്സിഡി (എസ്.സി.പി)(35/25) | 1,00,000/- | |
| ജില്ലാ പഞ്ചായത്ത് | | 1,00,000/- | അനുപൂരക പോഷകാഹാര വിതരണം(69/25) | 1,00,000/- | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും, ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക (₹) | ബിൽ ബുക്ക് നമ്പർ/ ട്രഷറി വൗച്ചർ നമ്പർ | ചെലവഴിച്ച തുക (₹) | അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 11/25, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ | 45,216/-<br>26,620/-<br>1,29,995/-<br>7,192/-<br>8,649/-<br>32,312/- | XVFC/2024-25/P/42,24-3-25,<br>XVFC/2024-25/P/42,24-3-25<br>XVFC/2024-25/P/42,24-3-25,<br>XVFC/2024-25/P/75,24-3-25,<br>XVFC/2024-25/P/87,27-3-25,<br>XVFC/2024-25/P/54,22-2-25, | 45,216/-<br>26,620/-<br>0<br>0<br>0 | 1,29,995/-<br>7,192/-<br>8,649/-<br>32,312/- |
| കെ.എസ്.ഇ.ബി | 205/25, സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 16,87,279/-<br>2,42,712/-<br>2,90,127/- | XVFC/2024-25/P/19,15-10-24,<br>XVFC/2024-25/P/55,22-2-25,<br>XVFC/2024-25/P/35,17-12-24 | 0 | 5,41,380/- |
| കെ.ഐ.പി, കൊല്ലം | 203/25, കിഴക്കേ പള്ളിമുക്ക്-വള്ളിതുണ്ട് തൈക്കാവ് റോഡ് മെയിന്റനൻസ് | 6,00,000/- | ബിൽ നം 25/20.3.25 | 0 | 6,00,000/- |
| ഭൂജല വകുപ്പ് | 202/25, മൂലശ്ശേരി കോളനിയിൽ കുഴൽകിണർ നിർമ്മാണം | 2,50,000/- | XVFC/2024-25/P/65,17-3-25 | 0 | 2,50,000/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹20,00,000/- വരവുണ്ട്. മുൻബാക്കി ₹49,59,000/- രൂപയടക്കം ആകെ ₹69,50,000/- തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | തൻവർഷം ലഭിച്ച | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തിയ്യതി | വായ്പ തുക ₹ | ബാക്കിയുണ്ടായിരുന്ന തുക ₹ | തുക | | ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ ₹ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 20,00,000/- | 3,07,57,388/- | 3092760/- | - | 2,96,64,628/- |

## 4-7 സ്ഥിര നിക്ഷേപം

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

തൻവർഷം ലഭിച്ച 43,171/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും/ ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2017-18 | 3-9 | 18,105/- | ശ്രീ. ഷൈജു ബി. A.EXE. | 1240400510/11.06.2024 |
| | 3-10 | 6,960/- | ശ്രീ. ഷൈജു ബി. A.EXE | 1240400512/11.06.2024 |
| 2017-18 | 3-9 | 18,106/- | ശ്രീമതി ശാലിനി എ.ഇ | 1240400511/11.06.2024 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15<br>2015-16 | | 2016-17<br>2016-17 | അനുബന്ധം -4<br>അനുബന്ധം- 5 | തൊഴിൽ നികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും/ ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | 5677/- | 3-1 | ശ്രീമതി നിത്യ. സി.നാഥൻ (ഐ.സി.ഡി.എസ്.സൂപ്പർവൈസർ) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 12,641/- | ഡോ.അനിൽകുമാർ,<br>മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) |
| 1-21 | 9,69,046/- | ഡോ. ലക്ഷ്മി ദീലിപ്,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-22 | 1,76,249/- | ഡോ.അനിൽകുമാർ,<br>മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) |
| 1-24 | 1,25,025/- | ശ്രീമതി ബിന്ദു ആർ,<br>സെക്രട്ടറി ഇൻ ചാർജ് |
| 1-27 | 33,48,266/- | ശ്രീ. സി.കെ.അജയകുമാർ, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും/ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ലക്ഷ്മി ദീലീപ്<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ,<br>പോരുവഴി പി.എച്ച്.സി. | നല്ലൂർ വീട്, ഞാറക്കാട്,<br>തലവൂർ |
| ഡോ.അനിൽകുമാർ,<br>മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം )<br>പോരുവഴി ഗ്രാമപഞ്ചായത്ത് | ദേവരാഗം, മൂക്കുന്നൂർ<br>വെഞ്ഞാറമൂട്,<br>തിരുവനന്തപുരം |
| ശ്രീമതി ബിന്ദു ആർ.,<br>സെക്രട്ടറി ഇൻ ചാർജ് | അസി.സെക്രട്ടറി,<br>പോരുവഴി ഗ്രാമപഞ്ചായത്ത് | ശ്രാവണം<br>വടക്കുംതല ഈസ്റ്റ് പി.ഒ<br>കരുനാഗപ്പള്ളി |
| ശ്രീമതി നിത്യ. സി.നാഥൻ<br>(ഐ.സി.ഡി.എസ്.സൂപ്പർവൈസർ) | ഐ.സി.ഡി.എസ്.സൂപ്പർവൈസർ,<br>പോരുവഴി ഗ്രാമപഞ്ചായത്ത് | അമൃത,<br>മന്നം നഗർ, തിരുവല്ല. |

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 3 |
| 1998-99 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 4 |
| 1999-00 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 4 |
| 2001-02 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 1 |
| 2002-03 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 3 |
| 2004-05 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 2 |
| 2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 3 |
| 2006-07 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 1 |
| 2007-08 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 7 |
| 2008-09 | കെ.എസ്സ്.എ-കെ.എൽ.എം-പി10-977/2022, 23.06.22 | 8 |
| 2009-10 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 7 |
| 2010-11 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023 | 2 |
| 2011-12 & 2012-13 | കെഎസ്എകെഎൽഎംപി.10/1503/2022, 22.08.2022 | 13 |
| 2013-14 | കെഎസ്എകെഎൽഎംപി.10/1503/2022, 22.08.2022 | 8 |
| 2014-15 | കെഎസ്എകെഎൽഎംപി.10/1503/2022, 22.08.2022 | 11 |
| 2015-16 | കെഎസ്എകെഎൽഎംപി.10/1503/2022, 22.08.2022 | 11 |
| 2016-17 | കെഎസ്എകെഎൽഎംപി.10/977/22, 19.07.23 | 8 |
| 2017-18 | കെഎസ്എകെഎൽഎംപി.10/977/22, 19.07.23 | 12 |
| 2018-19 | കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,18.05.2022 | 10 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി.10/1519/21, 07.05.23 | 14 |
| 2020-21 | കെ.എസ്.എ/കെ.എൽ.എം/പി.10/1523/22 , 07.05.23 | 28 |
| 2021-22 | കെ.എസ്.എ/കെ.എൽ.എം/പി.10/238/23, 20.01.24 | 22 |
| 2022-23 | കെ.എസ്.എ/കെ.എൽ.എം/പി.10/1855/23, 05.09.2024 | 23 |
| 2023-24 | കെ.എസ്.എ/കെ.എൽ.എം/പി.10/ 493/25 , 15.03.25 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 09-05-2025 and submitted on 15-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Poruvazhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Poruvazhi Grama Panchayat as on 31-03-2025

**Date: 11/07/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Poruvazhi Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1. Key ratios and notes on accounts are not included in Annual Financial statement.
2. Asset Register is not prepared on value basis so the asset value shown in Balance sheet is not traceable with it.
3. Lapses in making timely and accurate demand entries in respect of tax and non tax revenue.
4. Documents regarding Book adjustment entries in respect of Property tax receipt and arrear details reconciled with Sanchaya software not produced.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.